⇨ ഇക്കാര്യത്തെക്കുറിച്ച് കുമരപ്പയ്ക്ക് വ്യക്തമായ ബോധ്യമുണ്ടായിരുന്നു ⇨

സാമ്പത്തിക സിദ്ധാന്തങ്ങളുടെ കേന്ദ്രസ്ഥാനത്തേക്ക് പതുക്കെയെങ്കിലും കടന്നുവരികയും, ഇപ്പോൾത്തന്നെ ശ്രദ്ധാകേന്ദ്രമായിത്തീരുകയും ചെയ്തിരിക്കുന്ന പാരിസ്ഥിതിക സാമ്പത്തിക ചിന്തകളെക്കുറിച്ച് ഇ.എഫ് ഷുമാക്കറിനും മുന്നേതന്നെ ഒരു പ്രവാചകന്റെ രീതിയിൽ ചിന്തിച്ചിരുന്നയാളാണ് ജെ.സി. കുമരപ്പ. 1995ൽ ടൈംസ് ലിറ്റററി സപ്ലിമെന്റ് പ്രസിദ്ധീകരിച്ച, രണ്ടാം ലോകയുദ്ധത്തിന് ശേഷം പുറത്തിറങ്ങിയ ഏറ്റവും സ്വാധീനം ചെലുത്തിയ 100 പുസ്തകങ്ങളുടെ കൂട്ടത്തിൽ ഇ.എഫ്. ഷൂമാക്കർ 1973ൽ എഴുതിയ 'സ്മാൾ ഈസ് ബ്യൂട്ടിഫുൾ' എന്ന അതിംഗംഭീരമായ പുസ്തകവും ഉൾപ്പെട്ടിരുന്നു. ജെ.സി. കുമരപ്പയുടെ 'ഇക്കോണമി ഓഫ് പെർമനൻസ്' എന്ന പുസ്തകം ഷൂമാക്കറിന്റെ ചിന്തകൾ രൂപപ്പെടുത്തുന്നതിൽ ഏറെ സ്വാധീനിച്ചിട്ടുള്ളതായി അദ്ദേഹം തന്നെ പറയുന്നുണ്ട്. അന്തർദേശീയ തലത്തിൽ കുമരപ്പയുടെ സാമ്പത്തികശാസ്ത്ര ചിന്തകൾക്കുള്ള പ്രധാന്യം തന്നെയാണ് ഇത് വ്യക്തമാക്കുന്നത്.

# പാരിസ്ഥിതിക ചിന്ത സാമ്പത്തിക ശാസ്ത്രത്തിൽ

അന്തർദേശീയ തലത്തിൽ കുമരപ്പയുടെ സാമ്പത്തികശാസ്ത്ര ചിന്തകൾക്കുള്ള പ്രധാന്യം എന്താണെന്ന് വ്യക്തമാക്കുന്നു അമേരിക്കൻ ചരിത്രകാരനും സാമ്പത്തിക ശാസ്ത്രജ്ഞനും മ്യൂസിക്കോളജിസ്റ്റുമായ

**മാർക് ലിൻഡ്‌ലെ**

മഹാത്മാഗാന്ധി സ്ഥാപിച്ച ഗുജറാത്ത് വിദ്യാപീഠത്തിലെ വിസിറ്റിംഗ് പ്രൊഫസറായ മാർക്ക് ലിൻഡ്‌ലെ ഗുജറാത്തിൽ വെച്ച് നടത്തിയ പ്രഭാഷണത്തിൽ നിന്നും.
തയ്യാറാക്കിയത്: കെ.സഹദേവൻ

സുസ്ഥിരതയെ സംബന്ധിച്ച കുമരപ്പയുടെ നിർവ്വചനം സുവ്യക്തമാണ്. ഒരു സമ്പദ്‌വ്യവസ്ഥയുടെ കാലദൈർഘ്യം 'ആസ്ട്രോണമിക്കൽ' ആണെങ്കിൽ അത് സുസ്ഥിരമെന്ന് വിളിക്കപ്പെടാൻ യോഗ്യതയുള്ളതാണെന്ന് കുമരപ്പ അഭിപ്രായപ്പെടുന്നു. അതുകൊണ്ടുതന്നെ അദ്ദേഹം, ഇരുപതാം നൂറ്റാണ്ടിലെ ഗണിതവിശാരദനായ പാരിസ്ഥിതിക സമ്പദ്ശാസ്ത്ര സൈദ്ധാന്തികനാണെന്ന് പറയാം. ഒരു സാമ്പത്തിക ശാസ്ത്രജ്ഞനെ സംബന്ധിച്ചിടത്തോളം 'ദീർഘകാല' (Long term)ത്തിന്റെ ദൈർഘ്യമെന്നത് ഏതാനും ദശാബ്ദങ്ങളോ നൂറ്റാണ്ടുകളോ ആയിരിക്കണം. മനുഷ്യജീവിതത്തിന്റെ ഭൗതികവശങ്ങളെ സംബന്ധിച്ച് പഠനം നടത്തുന്ന ഒരു ശാസ്ത്രശാഖ എന്ന നിലയിൽ നമ്മെയും നമ്മുടെ കുഞ്ഞുങ്ങളെയും പേരക്കിടാങ്ങളെയും അവരുടെ കുഞ്ഞുങ്ങളെയും സംബന്ധിച്ച ചിന്തകളായിരിക്കും അതിനെ നയിക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് കുമരപ്പയ്ക്ക് വ്യക്തമായ ബോധ്യമുണ്ടായിരുന്നു.

സാമ്പത്തിക സിദ്ധാന്തങ്ങളുമായി നിയതമായ വേർതിരിവ് നിലനിർത്തുന്ന ഏതാനും വസ്തുതകൾ ഞാനിവിടെ അവതരിപ്പിക്കട്ടെ. സാധനങ്ങളും സേവനങ്ങളും വിലകൊടുത്തുവാങ്ങാൻ സാധിക്കുന്നതിനെയാണ് വിപണി സമ്പദ്‌വ്യവസ്ഥ എന്നുപറയുന്നത്. കഴിഞ്ഞ ഒന്നുരണ്ടു നൂറ്റാണ്ടുകളായി പാശ്ചാത്യ സാമ്പ

ത്തിക ശാസ്ത്രസൈദ്ധാന്തികർ സാമ്പത്തിക വിദ്യാർത്ഥികളെ പറഞ്ഞുപഠിപ്പിച്ചുകൊണ്ടിരിക്കുന്ന കാര്യമാണിത്. എന്നിരുന്നാലും, ഒട്ടുമിക്ക സാമ്പത്തിക പ്രവർത്തനങ്ങളും വില കൊടുത്തു വാങ്ങുന്നയവയല്ല-ഉദാഹരണത്തിന്, വളരെയധികം സ്ത്രീകൾ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന ജോലികൾ- അതുകൊണ്ടുതന്നെ വിപണി സമ്പദ് വ്യവസ്ഥയുമായി ഇതിന് യാതൊരു ബന്ധവുമില്ല. അതേസമയം, ഇവയൊക്കെയും സാമൂഹ്യബന്ധങ്ങളുള്ളവയുമാണ്; മനുഷ്യന്റെ പാരസ്പരികതയുമായി ബന്ധപ്പെട്ടിരിക്കുന്നവ. ഇന്ന് നിലനിൽക്കുന്ന എല്ലാ സമ്പദ്‌വ്യവസ്ഥയും 'അടഞ്ഞ വ്യവസ്ഥ' (closed System) എന്ന ലേബലിലാണ് അറിയപ്പെടുന്നത്. എന്നാൽ 'തുറന്ന വ്യവസ്ഥ' (open sysyem) മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഭൗതികമായ കൊടുക്കൽ വാങ്ങലുകളെ മുഴുവനായും പ്രതിനിധീകരിക്കുന്നു.

ഒരു സൈദ്ധാന്തിക വിജ്ഞാനശാഖ എന്ന നിലയിൽ ഇക്കോളജിയെക്കുറിച്ചുള്ള പഠനം കുമരപ്പയ്ക്കും മുമ്പേതന്നെ നിലവിലുണ്ടായിരുന്നു; പ്രത്യേകിച്ചും സ്വീഡനിൽ. പക്ഷേ സാമ്പത്തിക ശാസ്ത്രജ്ഞന്മാർ ഇപ്പോഴും ഇക്കാര്യം ഗൗവരമായി പരിഗണിച്ചിട്ടില്ല. കുമരപ്പ ഇക്കാര്യം പരിഗണനയിലെടുക്കുന്നുണ്ട്. ജൈവവ്യവസ്ഥയെ അദ്ദേഹം വിശദീകരിക്കുന്നുണ്ടെന്ന് മാത്രമല്ല, സാമ്പത്തിക മാതൃകകളിലെ തുറന്ന വ്യവസ്ഥയെക്കുറിച്ചുള്ള ആലോചനകളെ എളുപ്പമാക്കുന്നതിനായി 'ദൗർലഭ്യം', 'മലിനീകരണം' (Depletion, Pollution) എന്നീ രണ്ട് കാഴ്ചപ്പാടുകൾ സംബന്ധിച്ച് ഗഹനമായ ചിന്തകൾ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്. ലയണൽ റോബിൻസ് മുന്നോട്ടുവെച്ച 'ദുർല്ലഭ വിഭവങ്ങളുടെ പങ്കുവെപ്പ്' (Allocation of Scarce Resources) എന്ന കാഴ്ചപ്പാടിനെ 'തുറന്ന വ്യവസ്ഥ'യിലേക്ക് വിളക്കിച്ചേർക്കുന്നതിന് 'പുനരുൽപ്പാദനം സാധ്യമല്ലാത്ത പ്രകൃതിവിഭവങ്ങളുടെ ദൗർലഭ്യം' എന്ന ആശയം വളരെ സുപ്രധാനമായ ഒന്നാണ്. ഇക്കണോമി ഓഫ് പെർമനൻസിൽ പുനരുൽപ്പാദനം സാധ്യമായ വിഭവങ്ങൾ അവ ഉത്പാദിപ്പിക്കപ്പെടുന്നതിനേക്കാളും കുറഞ്ഞ വേഗതയിൽ ഉപയോഗപ്പെടുത്തുന്ന 'റിവർ ഇക്കണോമി' സിദ്ധാന്തവും, പുതുക്കാൻ കഴിയാത്ത വിഭവങ്ങളെ ആധാരമാക്കിയുള്ള 'ബക്കറ്റ് ഇക്കണോമി' സിദ്ധാന്തവും അവതരിപ്പിച്ചുകൊണ്ട് കുമരപ്പ സാമ്പത്തിക ശാസ്ത്രത്തിൽ വിഭവ ദൗർലഭ്യത്തിന്റെ പ്രാധാന്യം സംബന്ധിച്ച തന്റെ കാഴ്ചപ്പാടുകൾ വ്യതിരിക്തമായ രീതിയിൽ അവതരിപ്പിക്കുന്നുണ്ട്. 'ബക്കറ്റ് ഇക്കണോമി' അനാരോഗ്യകരമായ മത്സരത്തിന് വളംവെക്കുന്നെന്ന് കുമരപ്പ നിരീക്ഷിക്കുന്നു.

ഇക്കണോമി ഓഫ് പെർമനൻസിന്റെ ആദ്യ പേജുകളിൽ ചർച്ച ചെയ്യുന്നില്ലെങ്കിൽ പോലും പാരിസ്ഥിതിക മലിനീകരണം എന്ന വിഷയത്തെക്കുറിച്ച് കുമരപ്പ വളരെ വ്യക്തമായി തന്നെ പരാമർശിക്കുന്നുണ്ട്. നമ്മുടെ സാമ്പത്തിക ഇടപാടുകൾ മറ്റ് ജീവജാലങ്ങളുടെ മേൽ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളോടൊപ്പം തന്നെ ജലം, വായു, സൂര്യപ്രകാശം എന്നിവയിലുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും നാം ആഴത്തിൽ പരിഗണിക്കേണ്ടതുണ്ടെന്ന് അദ്ദേഹം പറയുന്നു. (സൂര്യപ്രകാശം? അതെ, ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിൽ ഓസോൺ പാളിയിലെ തുളയെ സംബന്ധിച്ച് നമുക്ക് മുന്നറിയിപ്പ് തന്നതാണത്). വൻകിട പരിസ്ഥിത നാശമെന്ന ദുർഭൂതം ഇന്ന് നാം കാണുന്നരീതിയയിൽ വളരുന്നതിന് മുന്നെ തന്നെ ഇത്തരം ആശയങ്ങൾ ക്രൈസ്തവ മതത്തിൽ ജനിച്ച ഒരു വ്യക്തി മുന്നോട്ടുവെച്ചു എന്നത് അസാധാരണമായ സംഗതിയാണ്. ബൈബിൾ പറയുന്നത്; മണ്ണ്, വെള്ളം, വായു, മറ്റ് ജീവജാലങ്ങൾ എന്നിവയ്ക്കുമേൽ അധീശത്വം സ്ഥാപിക്കാനാണ് മനുഷ്യനെ ദൈവം ഭൂമിയിലേക്കയച്ചതെന്നാണ്. ഇത്രയും പ്രകടമായ മതാനുമതി, എല്ലാം കിളച്ചുമറിക്കാനും മുറിച്ചുവീഴ്ത്തുവാനും അന്തമില്ലാത്ത വിഷം ഭൂമിയിലും വായുവിലും മണ്ണിലും തള്ളാനും അനുമതി നൽകിയതുമാണ് ആധുനിക മുതലാളിത്തം പാശ്ചാത്യ ലോകത്ത് വളർന്നു വികസിക്കാൻ കാരണം.

തുറന്ന വ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തിക സിദ്ധാന്തം വികസിപ്പിക്കുന്നതിലൂടെ കുമരപ്പ ഗാന്ധിയേയും കടന്ന് മുന്നേറി. ഒരു പരിധിവരെ ഈയൊരാവശ്യകതയെ ഏതാനും സാമ്പത്തിക ശാസ്ത്രജ്ഞർ തിരിച്ചറിഞ്ഞു. ഉദാഹരണമെന്ന നിലയ്ക്ക് ജസ്റ്റസ് വോൺ ലീബിഗിനെ (കൃത്രിമ രാസവളം ആദ്യമായി നിർമ്മിച്ചെടുത്ത ശാസ്ത്രജ്ഞൻ) വായിച്ച കാൾ മാർക്സ് വളരെ ശക്തമായി തന്നെ പ്രതികരിക്കുകയുണ്ടായി. ലണ്ടനിലെ ജൈവ കാർഷിക മാലിന്യങ്ങൾ തിരികെ വയലുകളിലേക്ക് ചെല്ലേണ്ടുന്നതിന് പകരം നദികളിലേക്കും അതുവഴി കടലിലേക്കും ചെന്നെത്തും എന്നായിരുന്നു മാർക്സിന്റെ പ്രതികരണം. മുതലാളിത്തം മണ്ണിനെയും അതുപോലെത്തന്നെ തൊഴിലാളികളെയും കവർച്ച ചെയ്യുകയാണെന്ന് മാർക്സ് പറഞ്ഞു. ഇന്ന് കാണുന്ന രീതിയിലുള്ള വൻകിട പാരസ്ഥിതിക പ്രശ്നങ്ങൾ വലിയതോതിൽ അനുഭവവേദ്യമല്ലാതിരുന്ന

അക്കാലത്ത് ഈയൊരു ഉൾക്കാഴ്ച അദ്ദേഹത്തിന്റെ മുഖ്യ പരിഗണനകളിൽപ്പെട്ടതായിരുന്നില്ല എന്നതാണ് വസ്തുത. മാർക്സിസ്റ്റുകൾ അധികാരത്തിൽ വന്ന വൻകിട രാജ്യങ്ങളിൽ അവർ സൃഷ്ടിച്ച പാരിസ്ഥിതിക നാശങ്ങൾ മുതലാളിത്ത രാഷ്ട്രങ്ങളേക്കാൾ കൂടുതലായിരുന്നുവെന്നത് മറ്റൊരു കാര്യം. അതുകൊണ്ടുതന്നെ മാർക്സിനെ പാരിസ്ഥിതിക സമ്പദ്ശാസ്ത്രജ്ഞൻ എന്ന നിലയിൽ പരിഗണിക്കുന്നത് ചരിത്രത്തിന്റെ വികലവ്യാഖ്യാനമായിരിക്കും. ഈയൊരു പരിഗണ കൂടുതൽ ഉചിതമായിരിക്കുക കുമരപ്പയ്ക്കായിരിക്കും.

സാധാരണ ജനതയ്ക്കുമേൽ വൻതോതിലുള്ള നികുതിഭാരം ഏർപ്പെടുത്തിക്കൊണ്ട് വർത്തമാന പാരിസ്ഥിതിക കെടുതികളെ എങ്ങിനെ നേരിടാം എന്ന് വിപണി സമ്പദ്വ്യവസ്ഥയുടെ വക്താക്കൾ അടുത്തകാലത്ത് നിർദ്ദേശിക്കുകയുണ്ടായി. ഇത്തരത്തിലുള്ള ആശയങ്ങൾക്ക് കുമരപ്പയുടെ പിന്തുണ ഉണ്ടായിരുന്നില്ല. അദ്ദേഹം പാരിസ്ഥിതിക സമ്പദ്ശാസ്ത്രജ്ഞനെന്ന പോലെ ക്ഷേമ സമ്പദ്വ്യവസ്ഥയുടെ വക്താവുമായിരുന്നു. വൻതോതിലുള്ള തൊഴിലില്ലായ്മയിൽ നിന്ന് ജനങ്ങളെ മോചിപ്പിക്കുവാൻ സ്വയം സമർപ്പിതനായി അദ്ദേഹം ജോലിചെയ്തിരുന്നു. അദ്ദേഹം ഭൂപരിഷ്കരണത്തിനായി വാദിച്ചിരുന്നുവെന്നു മാത്രമല്ല, വിളവുകളിലെ കമ്മി കാരണം കടബാദ്ധ്യതയിലേക്ക് നീങ്ങുന്ന കർഷകന് മേൽ കൂടുതൽ നികുതി ഏർപ്പെടുത്തന്നതിനെ എതിർത്തിരുന്നു. സമ്പത്ത്, ധനവ്യയം എന്നിവ അളക്കുവാനുള്ള ബഹുമുഖ മാനദണ്ഡം വികസിപ്പിക്കുന്നതിന് കുമരപ്പ ശ്രദ്ധിച്ചിരുന്നു. സമ്പത്ത്, ധനവ്യയം, ദാരിദ്ര്യം എന്നിവയെ അളക്കുവാനുള്ള കാര്യക്ഷമമായ മാനദണ്ഡം വികസിപ്പിക്കുന്നതിലൂടെ തുറന്ന വ്യവസ്ഥ സംബന്ധിച്ച സാമ്പത്തിക സിദ്ധാന്തം ശാസ്ത്രീയമായ രീതിയിൽ അവതരിപ്പിക്കുന്നതിന് സഹയകമായിരിക്കും.

എന്റെ എളിയ അഭിപ്രായത്തിൽ, കുമരപ്പയുടെ ഏറ്റവും മോശപ്പെട്ട കൃതി 'വൈ വില്ലേജ് മൂവ്മെന്റ്' (1936) ആണ്. പാശ്ചാത്യ സാമ്രാജ്യത്തിനെതിരായ ദേശീയതാവാദം അദ്ദേഹത്തെ നല്ലത്-ചീത്ത, സസ്യഭുക്ക്-മാംസഭുക്ക്, അഹിംസ-ഹിംസ, കാർഷിക ഇന്ത്യൻ-വ്യാവസായിക പാശ്ചാത്യർ എന്നിങ്ങനെയുള്ള കേവല ദ്വന്ദങ്ങളിലേക്ക് കൊണ്ടുചെന്നെത്തിച്ചു. എന്നാൽ പിന്നീട് അദ്ദേഹം വളരെ വിശാലവും നിലവാരം പുലർത്തുന്നതുമായ മാനദണ്ഡങ്ങൾ വികസിപ്പിക്കുകയുണ്ടായി. ഒരു സാമ്പത്തിക ശാസ്ത്രജ്ഞനെന്ന നിലയിൽ ഒരു പരിധിവരെ അദ്ദേഹം സ്ഥാപനവൽകൃത മനോഭാവം നിലനിർത്തിയിരുന്നു എന്ന വസ്തുതയും ഇവിടെ സൂചിപ്പിക്കേണ്ടതുണ്ടെന്ന് തോന്നുന്നു. സാമൂഹ്യ-സാമ്പത്തിക സ്വഭാവ സവിശേഷതകൾ സംബന്ധിച്ച സൈദ്ധാന്തിക നിയമങ്ങൾ ഭൗതികശാസ്ത്രം പോലെ സാർവ്വലൗകികമല്ലെന്നും ഒരു പരിധിവരെ സാംസ്കാരികാതിരുകളുള്ളതാണെന്നും കുമരപ്പ വിശ്വസിക്കുന്നു. ആദ്യ അമേരിക്കൻ അംബാസഡറായ ചെസ്റ്റർ ബൗൾസിന്റെ പ്രേരണയാൽ 1950ൽ നെഹ്റു അമേരിക്കൻവിദഗ്ദ്ധരുടെ സഹായത്തോടെ ഇന്ത്യൻ ഗ്രാമീണ വികസന പരിപാടി വികസിപ്പിക്കാൻ ശ്രമിച്ചപ്പോൾ കുമരപ്പ അഭിപ്രായപ്പെട്ടത്, വിദേശ വിദഗ്ദ്ധന്മാർക്ക് ഇന്ത്യൻ ഗ്രാമീണ സാഹചര്യങ്ങളെക്കുറിച്ച് ഇന്ത്യക്കാർക്ക് എസ്കിമോകളെക്കുറിച്ചുള്ള പരിജ്ഞാനമേ ഉണ്ടായിരിക്കുകയുള്ളൂ എന്നായിരുന്നു. ഇന്ത്യൻ സാഹചര്യങ്ങൾ മനസിലാക്കുന്നവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതി ആസൂത്രണങ്ങളാണ് നടക്കേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തീർച്ചയായും സാമാന്യബുദ്ധിക്ക് നിരക്കുന്ന ആശയമായിരുന്നു ഇത്.

ഒരു സാമ്പത്തിക ശാസ്ത്രജ്ഞനെന്ന നിലയിലും സാമൂഹ്യ പ്രവർത്തകനെന്ന നിലയിലുമുള്ള കുമരപ്പയുടെ ദൗർബല്യങ്ങൾ എടുത്തുകാട്ടാൻ ഞാനിവിടെ ഉദ്ദേശിക്കുന്നില്ല. എക്കണോമിക് ആന്റ് പൊളിറ്റിക്കൽ വീക്കിലിയുടെ 2007 മെയ് 26 ലക്കത്തിൽ അവയിൽ ചിലത് ഞാൻ വിശദീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഒന്നല്ലെന്നിൽ മറ്റൊന്ന് എന്ന നിലയിലുള്ള ദൗർബല്യങ്ങൾ എല്ലാ സാമ്പത്തിക ശാസ്ത്രജ്ഞരിലും കണ്ടെത്താൻ കഴിയും. (ഉദാഹരണത്തിന്, അമർത്യാസെൻ ഒരിക്കലും തുറന്ന വ്യവസ്ഥയെ അടിസ്ഥാനമാക്കിയുള്ള സാമ്പത്തികശാസ്ത്രത്തെക്കുറിച്ച് അന്വേഷിക്കാൻ മെനക്കെട്ടിട്ടില്ലല്ലോ).

ഗാന്ധി മുന്നോട്ടുവച്ച രാഷ്ട്രീയ സിദ്ധാന്തങ്ങളോട് ഞാൻ യോജിക്കുന്നു. ഇരുപക്ഷവും വിജയിക്കുന്ന ഒരു രാഷ്ട്രീയം (winwin politics) ഗാന്ധി ആവിഷ്കരിച്ചു. പാശ്ചാത്യ നാഗരികതയുടെ പോരായ്മകളെന്തെന്ന് എന്നതിനെക്കുറിച്ച് അദ്ദേഹത്തിന് നല്ല ബോധ്യമുണ്ടായിരുന്നു. ഇന്ന് അക്കാര്യം ഇന്ത്യാക്കാർക്ക് നന്നായി ബോധ്യമാകുന്നുണ്ട്. കുമരപ്പയുടെ സിദ്ധാന്തവും സമാനമായ രീതിയിൽ ഇന്നും പ്രസക്തമാണ്. അദ്ദേഹത്തിന്റെ സാമ്പത്തിക കാഴ്ചപ്പാടുകളെക്കുറിച്ച് സംവദിക്കുമ്പോൾ നാം ഭൂതകാലത്തെക്കുറിച്ച് മാത്രമല്ല ഭാവിയെക്കുറിച്ച് കൂടിയാണ് സംസാരിക്കുന്നത്. ■